# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1606 — 05.02.2019 ലെ മറുപടിക്ക്

## ഗ്രാമ, നഗര മേഖലകളിൽ സാധാരണക്കാരുടെ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം പാസ്സാക്കിയതിന് ശേഷം ഗ്രാമ, നഗര മേഖലകളിൽ സാധാരണക്കാരുടെ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (ബി) നിലവിൽ പ്രസ്തുത മേഖലകളിൽ നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിക്കും കെട്ടിട നിർമ്മാണ ചുറ്റളവ് പരിധിക്കും കൂടുതലുള്ളവ ഫീസടച്ച് ക്രമപ്പെടുത്താമെന്ന സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി ) നിയമം വകുപ്പ് 2 (xvii എ) പ്രകാരമുള്ള 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' പരിവർത്തനം ചെയ്യുന്നതിനായി ടി നിയമമനുസരിച്ച് തയ്യാറാക്കിയ ചട്ടങ്ങളിൽ ചട്ടം 12(1) പ്രകാരം, 20.2 ആറിൽ കുറവ് വിസ്തീർണ്ണമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ടി ചട്ടപ്രകാരമുള്ള ഫാറം 6-ലും 20.23 ആറോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ഫാറം 7-ലും ബന്ധപ്പെട്ട ആർ.ഡി.ഒ.യ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിഗണിക്കുന്ന പക്ഷം ടി ചട്ടപ്രകാരമുള്ള ചുവടെ ചേർക്കുന്ന പട്ടികയനുസരിച്ചുള്ള ഫീസടച്ച് ഭൂമി ക്രമവത്കരിക്കാവുന്നതാണ്. |

| ക്രമ നമ്പർ | വിസ്തീർണ്ണം (ആർ) | ഫീസായി അടക്കേണ്ട ഭൂമിയുടെ ന്യായവിലയുടെ ശതമാനം | | |
|---|---|---|---|---|
| | | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | 20.23 വരെ | 10 | 20 | 40 |
| 2 | 20.23 മുതൽ 40.47 വരെ | 20 | 30 | 40 |
| 3 | 40.47 ന മുകളിൽ | 30 | 40 | 50 |

ടി പട്ടികയിലെ കുറിപ്പ് ഒന്നിൽ പരാമർശിച്ചിട്ടുള്ള പ്രകാരം സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന

(തുടർച്ച.....2)

ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 30.00 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ, അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര ഭൂമിയ്ക്കും 100/- രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

ടി ചട്ടത്തിലെ കുറിപ്പ് (2) പ്രകാരം 4.04 ആർ ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ 2.02 ആർ ഭൂമിയിൽ, 40 ച.മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനോ, പുനർനിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ യാതൊരു ഫീസും നല്കേണ്ടതില്ല.

(സി) ഇത്തരത്തിൽ ക്രമവത്ക്കരിക്കാനായി എവിടെയാണ് ഫീസ് ഒടുക്കേണ്ടതെന്നും ഒടുക്കേണ്ട ഫീസിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

(സി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 12(3), 12(9) പ്രകാരമുള്ള ഫീസുകൾ, '0029-00-800-88-Receipts collected under rule 12(9) of the Kerala Conservation of Paddy Land and Wetland (Amendment Act 2018)' എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ